കാവുകളുടെ സംരക്ഷണം

128(828) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ടോമിൻ രാമകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകളുടെ സംരക്ഷണത്തിന് ദേവസ്വം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും പാരിസ്ഥിതികവും സാമൂഹ്യവുമായ പ്രാധാന്യം കണക്കിലെടുത്ത് അവ സംരക്ഷിക്കുന്നതിലൂടെ ജീവജാലങ്ങളുടേയും മനുഷ്യരുടേയും നിലനിൽപ്പ് ഭദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണത്തിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ടി പദ്ധതി പ്രകാരം 2014-15 വർഷത്തിൽ 10 കോടി രൂപ അനുബന്ധം I-ൽ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുനൽകിയിട്ടുണ്ട്.*

ശബരിമലയിലെ വരുമാനം

129(829) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡലകാലത്ത് ശബരിമലയിൽ മുൻവർഷങ്ങളിൽ നിന്നും എത്ര കോടി രൂപയുടെ വരുമാനക്കുറവ് ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) വരുമാനക്കുറവ് ഉണ്ടാകാൻ എന്തെല്ലാം കാരണങ്ങളാണ് ഉണ്ടായതെന്ന കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മണ്ഡലകാലത്തെതല്ലാത്ത മറ്റ് മാസങ്ങളിൽ ശബരിമലയിലെ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ മണ്ഡലകാലത്തെ അപേക്ഷിച്ച് ഈ വർഷത്തെ മണ്ഡലകാലത്തിൽ 11,05,95,697 (പതിനൊന്നുകോടി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ) രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.

(ബി) ചെന്നൈയിൽ പ്രളയദുരന്തമുണ്ടായതിനാൽ തമിഴ്നാട്ടിൽനിന്നും മറ്റ് അയൽ സംസ്ഥാനങ്ങളിൽനിന്നുമുള്ള അയ്യപ്പഭക്തരുടെ വരവ് കുറഞ്ഞത് കാരണമാകാം വരുമാനത്തിൽ കുറവ് വന്നിട്ടുള്ളതു് എന്നാണ് അനുമാനിക്കുന്നതു്. ഇതുസംബന്ധിച്ച് പ്രത്യേക പഠനമൊന്നും ഔപചാരികമായി നടത്തിയിട്ടില്ല.

(സി) കുറവുണ്ടാകാറുണ്ട്.

ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് ധനസഹായം

130(830) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് പ്രതിമാസം നൽകുന്ന ധനസഹായങ്ങൾക്കുള്ള അപേക്ഷ സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് പുതുതായി ധനസഹായത്തിനുവേണ്ടി അപേക്ഷ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്ക് ധനസഹായം അനുവദിക്കുന്നതിനുവേണ്ടി സർക്കാരിൽ ലഭ്യമായ അപേക്ഷകൾ തുടർനടപടികൾക്കായി മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലേയ്ക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചാൽ മാത്രമേ പുതിയ അപേക്ഷകൾ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. കൂടുതൽ തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly